# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 4723 23/07/2015 – ൽ മറുപടിയ്ക്ക്

## ഹൗസിംഗ് ബോർഡിന്റെ ഫ്ലാറ്റ്, വില്ല സംരംഭങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.സി. ജോർജ് | ശ്രീ. കെ.എം.മാണി (ധന-നിയമ-ഭവന നിർമ്മാണ വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരമേറ്റ - ശേഷം ഹൗസിംഗ് ബോർഡ് പുതിയതായി എവിടെയൊക്കെ ഫ്ലാറ്റ്, വില്ല മുതലായ സംരംഭങ്ങൾ തുടങ്ങിയിട്ടുണ്ട്; വിശദമാക്കുമോ; | എ) ഈ സർക്കാർ അധികാരമേറ്റശേഷം ഹൗസിംഗ് ബോർഡ് തിരുവനന്തപുരം കവടിയാറിൽ 36 ഫ്ളാറ്റുകളുടെ നിർമ്മാണം പൂർത്തികരിച്ച് ഉപഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരത്ത് അമ്പലനഗറിൽ 64 ഫ്ളാറ്റുകളുടെയും, എറണാകുളത്ത് പനമ്പിള്ളി നഗറിൽ 31 ഫ്ളാറ്റുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. എറണാകുളത്ത് ഇരുമ്പനത്ത് Phase I &II ലുമായി 75 ഫ്ളാറ്റുകളും, തൃക്കാക്കരയിൽ 100 ഫ്ളാറ്റുകളും, കുമാരനാശാൻ നഗറിൽ 28 ഫ്ളാറ്റുകളും, കോഴിക്കോട് മെഡിക്കൽ കോളേജിനു സമീപം 36 ഫ്ളാറ്റുകളും, തൃശ്ശൂർ ഇരിങ്ങാലക്കുടയിൽ 10 ഫ്ളാറ്റുകളും ചങ്ങനാശ്ശേരിയിൽ 72 ഫ്ളാറ്റുകളും |

നിർമ്മിക്കുന്നതിനുള്ള പ്രപ്പോസൽ പരിശോധിച്ചുവരുന്നു. അന്തിമതീരുമാനം ആയിട്ടില്ല. ഉപഭോക്താക്കളിൽ നിന്നും ഫ്ളാറ്റുകളുടെ വിൽപ്പന വില നിർമ്മാണത്തിന്റെ വിവിധഘട്ടങ്ങളിൽ മുൻകൂറായി സമാഹരിച്ചുകൊണ്ട് ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമികളിലാണ് മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കുന്നത്.

ബി) ഈ സർക്കാർ അധികാരമേറ്റ -ശേഷം പുതിയ പദ്ധതികൾക്കായി ഹൗസിംഗ് ബോർഡ് എവിടെയൊക്കെ സ്ഥലം എടുത്തിട്ടുണ്ടെന്നും എത്ര ഏക്കർ വീതമെന്നും വിശദമാക്കുമോ?

ബി) ഈ സർക്കാർ അധികാരമേറ്റശേഷം പുതിയ പദ്ധതികൾക്കായി ഭവന നിർമ്മാണ ബോർഡ് സ്ഥലങ്ങളൊന്നും ഏറ്റെടുത്തിട്ടില്ല.

സെക്ഷൻ ഓഫീസർ